## കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - എം.എൽ.എ.മാരുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി - ഗുരുവായൂർ നിയോജക മണ്ഡലം - പ്രശസ്ത ചലച്ചിത്രകാരനായ ശ്രീ.രാമു കാര്യാട്ടിന് സ്മാരകം പണിയുക - എന്ന പ്രവൃത്തിയ്ക്ക് തുക വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്**

**സ.ഉ.(സാധാ)നം.9434/2018/ധന.** **തീയതി, തിരുവനന്തപുരം, 15.11.2018**

പരാമർശം : 1) 04/08/2018 ലെ സ.ഉ.(അ)നം.119/2018/ധന. ഉത്തരവ്

2) 06/08/2018 ലെ ശ്രീ. കെ .വി. അബ്ദുൾ ഖാദർ എം.എൽ.എ യുടെ കത്ത്.

## ഉത്തരവ്

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പ്രശസ്ത ചലച്ചിത്ര കാരനായ ശ്രീ.രാമു കാര്യാട്ടിന് സ്മാരകം പണിയുന്നതിന് എം.എൽ.എ. യുടെ 2016-17 - ലെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് ഗുരുവായൂർ നിയോജക മണ്ഡലം എം.എൽ.എയായ ശ്രീ. കെ .വി. അബ്ദുൾ ഖാദർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പ്രശസ്ത ചലച്ചിത്ര കാരനായ ശ്രീ.രാമു കാര്യാട്ടിന് സ്മാരകം പണിയുന്നതിന് വേണ്ടി ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ശ്രീ. കെ .വി. അബ്ദുൾ ഖാദർ എം.എൽ.എ യുടെ 2016-17 ലെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അജിത്ത്കുമാർ.എ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശ്ശൂർ
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 1012710 )

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**